**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 52 — 01.12.2014 ൽ മറുപടിക്ക്

മൊബൈൽ ഫോൺ ടവറുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഉമ്മർ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി)** |
| (എ) മൊബൈൽ ഫോൺ ടവറുകളുടെ റേഡിയേഷൻ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സ്വദേശി സയൻസ് മൂവ്മെന്റ് എന്ന സ്ഥാപനം അതിന്റെ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ; | (എ) & (ബി) മൊബൈൽ ഫോൺ ടവറുകളുടെ റേഡിയേഷൻ സംബന്ധിച്ചുള്ള പഠന പൂർത്തീകരണ റിപ്പോർട്ട് സ്വദേശി സയൻസ് മൂവ്മെന്റ് എന്ന സ്ഥാപനം സമർപ്പിച്ചിട്ടില്ല. എന്നാൽ പ്രാഥമിക കരട് റിപ്പോർട്ട് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റിന് ലഭിച്ചിട്ടുണ്ട്. മൊബൈൽ ഫോൺ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ടെലികോം വകുപ്പിന്റെ മാനദണ്ഡങ്ങളാണ് കേരളത്തിലും പിൻതുടരുന്നത്. റേഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് ഉറപ്പുവരുത്താൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ "Telecom Enforcement Resource & Monitoring (TERM-Kerala)" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മൊബൈൽ ഫോൺ ടവറുകൾ ഉയർത്തുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നം സ്ഥിരമായി തടയുന്നതിന് എന്തെല്ലാം ബദൽ നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചിരിക്കുന്നത് ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ